# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *30** **04.06.2018-ൽ മറുപടിക്ക്**

### വരാപ്പുഴ കസ്റ്റഡി മരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. കെ. എസ്. ശബരീനാഥൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ലോക്കപ്പിൽ മൂന്നാം മുറ പ്രയോഗിക്കരുതെന്ന് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) കർശന നിർദ്ദേശം നൽകിയിട്ടുണ്ട് |
| (ബി) വരാപ്പുഴയിലേത് പോലുള്ള സംഭവങ്ങൾ എന്നിട്ടും ആവർത്തിക്കുന്നതിനുള്ള കാരണം കണ്ടെത്തിയിട്ടുണ്ടോ; | (ബി) വരാപ്പുഴയിലേത് പോലുള്ള കസ്റ്റഡി മരണങ്ങൾ ആവർത്തിക്കാതിരിക്കുവാൻ വേണ്ട കർശന നിർദ്ദേശങ്ങൾ പോലീസിനു നൽകിയിട്ടുണ്ട്. |
| (സി) പോലീസുകാർ നിയമലംഘനം നടത്തുമ്പോൾ കർശന നടപടി സ്വീകരിക്കാത്തതും പോലീസിനെ രാഷ്ട്രീയവൽക്കരിച്ചതും ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതിന് സഹായകമായി എന്ന് കരുതുന്നുണ്ടോ; | (സി) നിയമലംഘനം നടത്തുന്ന പോലീസുകാർക്കെതിരെ ശക്തമായ നിയമ നടപടികളാണ് സർക്കാർ സ്വീകരിച്ച് വരുന്നത്. |
| (ഡി) വരാപ്പുഴ കേസിൽ ശ്രീജിത്തിനെ വീട്ടിൽ നിന്നും പിടിച്ചിറക്കി കൊണ്ടുപോയ റൂറൽ ടൈഗർ ഫോഴ്സിന്റെ ചുമതല ആർക്കായിരുന്നു; പ്രസ്തുത ഉദ്യോഗസ്ഥനെതിരെ കൊലക്കുറ്റം ചുമത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ; | (ഡി) റൂറൽ ടൈഗർ ഫോഴ്സിന്റെ ചുമതല എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിക്കായിരുന്നു. ടി ജില്ലാ പോലീസ് മേധാവിക്കെതിരെയുള്ള അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | വരാപ്പുഴ എസ്.ഐ., എറണാകുളം റൂറൽ പോലീസ് മേധാവി എന്നിവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ച് കൊലക്കുറ്റത്തിൽ നിന്നും രക്ഷപ്പെടുത്തുന്നതിനുള്ള നീക്കം ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്ന പോലീസുകാർക്ക് പ്രോത്സാഹനമാകും എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഇ) | പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരായുള്ള നടപടി അന്വേഷണ ഘട്ടത്തിലാണ്. |
| (എഫ്) | പോലീസുകാർ പ്രതികളായിട്ടുള്ള ഈ കേസ് സി.ബി.ഐ.ക്ക് വിടണമെന്ന ആവശ്യത്തിന്മേൽ സർക്കാർ നിലപാട് എന്താണ്; വിശദമാക്കുമോ? | (എഫ്) | വരാപ്പുഴ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട കേസിന്റെ അന്വേഷണം നിലവിൽ ക്രൈം ബ്രാഞ്ച് ഐ. ജി. ശ്രീ. ശ്രീജിത്ത് ഐ.പി.എസ്. - ന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം കാര്യക്ഷമമായി അന്വേഷിച്ചുവരുന്നു. ഫലപ്രദമായി അന്വേഷണം നടക്കുന്ന ഈ കേസ്സ് നിലവിൽ സി.ബി.ഐ. - യ്ക്ക് വിടുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

[signature]

**സെക്ഷൻ ഓഫീസർ**